©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
വെള്ളി
Thiruvananthapuram,
Friday

2025 ആഗസ്റ്റ് 01
01st August 2025
1200 കർക്കടകം 16
16th Karkadakam 1200
1947 ശ്രാവണം 10
10th Sravana 1947

നമ്പർ
No.
2833

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

നോട്ടീസ്

ഫാറം–VI

[ചട്ടം 22(2) കാണുക]

2016–ലെ കേരള നഗര–ഗ്രാമാസൂത്രണ ആക്ട് (2016–ലെ 9) 36–ാം വകുപ്പ് 8–ാം ഉപവകുപ്പ് പ്രകാരം പുനലൂർ മാസ്റ്റർ പ്ലാനിന് സർക്കാർ അനുമതി നൽകിയ വസ്തുത അറിയിക്കുന്ന നോട്ടീസ്

റഫ. നം തസ്വഭവ–ആർ.ഡി2/63/2025–തസ്വഭവ. തീയതി, തിരുവനന്തപുരം, *2025 ജൂലൈ, 31.*

താഴെ പറയുന്ന അതിരുകളോട് കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ ഭാഗത്തിനായി പുനലൂർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മുനിസിപ്പൽ കൗൺസിൽ പരിഷ്കരണങ്ങളോടു കൂടി സ്വീകരിച്ച മാസ്റ്റർ പ്ലാൻ, 2016-ലെ കേരള നഗര - ഗ്രാമാസൂത്രണ ആക്ടിലെ (2016 -ലെ 9) 36-ാം വകുപ്പ് (8) -ാം ഉപവകുപ്പ് പ്രകാരം സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ) നം. 103/2024/തസ്വഭവ. തീയതി 21-06-2025 പ്രകാരം സർക്കാർ അംഗീകരിച്ചതായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക്	:	വിളക്കുടി ഗ്രാമപഞ്ചായത്ത്, പിറവന്തൂർ ഗ്രാമപഞ്ചായത്ത്
കിഴക്ക്	:	തെൻമല ഗ്രാമപഞ്ചായത്ത്, ഏരൂർ ഗ്രാമപഞ്ചായത്ത്
തെക്ക്	:	ഏരൂർ ഗ്രാമപഞ്ചായത്ത്, കരവാളൂർ ഗ്രാമപഞ്ചായത്ത്
പടിഞ്ഞാറ്	:	കരവാളൂർ ഗ്രാമപഞ്ചായത്ത്, വിളക്കുടി ഗ്രാമപഞ്ചായത്ത്

മാസ്റ്റർപ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദനഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

(എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ

(1) ചെമന്തൂർ ഏരിയ

(2) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ് സ്റ്റാന്റ് ഏരിയ

(3) പുനലൂർ മാർക്കറ്റ് ഏരിയ

(ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ - ഒന്നുമില്ല

(സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കിയ വിശദ നഗരാസൂത്രണ പദ്ധതികൾ, കാരണ സഹിതം വിശദീകരിക്കുക

(1) ചെമ്മന്തൂർ ഏരിയ

(2) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ് സ്റ്റാന്റ് ഏരിയ

(3) പുനലൂർ മാർക്കറ്റ് ഏരിയ

പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തീകരിച്ചുകൊണ്ടും, മിച്ചമുള്ള പദ്ധതി ഉദ്ദേശ്യങ്ങൾ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയതിനാലും ചില പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കാലഹരണപ്പെട്ടതിനാലും മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കിയിരിക്കുന്നു.

(ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ - ഒന്നുമില്ല

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ 36-ാം വകുപ്പ് (10)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ, പുനലൂർ മുനിസിപ്പൽ കൗൺസിൽ മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കേണ്ടതാണ്.

ഈ പ്ലാനിന് അനുസൃതമായല്ലാതെ യാതൊരാളും ഏതൊരു ഭൂമിയും, വിനിയോഗിക്കുകയോ, വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂമിയുടെ വികസനം നടപ്പാക്കുകയോ, ഭൂവിനിയോഗത്തിനു മാറ്റം വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

അനുപമ ടി.വി.
സ്പെഷ്യൽ സെക്രട്ടറി.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.01 03:27:21 +05:30